


# ചെറുതാകലിന്റെ സുവിശേഷം

ബ്ര. ജെയ്ൻ പുത്തൻപുരയ്ക്കൽ MCBS

Vol. 11, Issue: 44

**ഈ**ശോമിശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്ന പ്രിയ സഹോദരരേ,

നോമ്പുകാലത്തിന്റെ മൂന്നാം ഞായറാഴ്ചയായ ഇന്ന് തിരുസഭാമാതാവ് നമ്മുടെ വിചിന്തനത്തിനായി നൽകിയിരിക്കുന്ന തിരുവചനഭാഗം, വി. മത്തായിയുടെ സുവിശേഷം 20-ാം അദ്ധ്യായം 17 മുതൽ 28 വരെയുള്ള ഭാഗങ്ങളാണ്. രണ്ടു ഭാഗങ്ങളാണ് ഇതിനുള്ളത്; 17 മുതൽ 19 വരെയുള്ള ഭാഗങ്ങളിൽ ഈശോയുടെ പീഡാനുഭവത്തെയും മരണത്തെയും ഉത്ഥാനത്തെയും കുറിച്ചുള്ള മൂന്നാം പ്രവചനവും, 20 മുതൽ 28 വരെയുള്ള തിരുവചനഭാഗത്ത് സെബദീപുത്രന്മാർ തങ്ങളുടെ അമ്മയുമായി വന്ന് ഈശോയോട് അഭ്യർത്ഥിക്കുന്നതുമാണ് കാണാൻ സാധിക്കുന്നത്. സമാന്തരസുവിശേഷങ്ങളിൽ വലിയ ഭേദഗതികളില്ലാതെ അവതരിപ്പിക്കുന്ന/ വിവരിക്കുന്ന ഒന്നാണ് ഈശോയുടെ പീഡാനുഭവത്തെയും മരണത്തെയും ഉത്ഥാനത്തെയും കുറിച്ചുള്ള പ്രവചനം. ഈ വചനഭാഗത്തു നിന്നും നാം മനസ്സിലാക്കിയെടുക്കേണ്ട ഒരു യാഥാർത്ഥ്യമുണ്ട്. ഈശോയുടെ പീഡാനുഭവവും മരണവുമെല്ലാം യാദൃശ്ചികമായി സംഭവിച്ച ഒന്നല്ല, മറിച്ച് ഒരു ദൈവികപദ്ധതിയുടെ പൂർത്തീകരണമായിരുന്നു എന്ന വലിയ സത്യം.

പീഡാനുഭവത്തെയും മരണത്തെയും കുറിച്ച് പറഞ്ഞയുടനെ അതിന് കടകവിരുദ്ധമായ മനോഭാവത്തോടെ തങ്ങളുടെ സ്ഥാനമോഹം പ്രകടിപ്പിക്കുന്ന സെബദീപുത്രന്മാരെയാണ് നാം അടുത്ത ഭാഗത്ത് കാണുന്നത്. യേശു പറഞ്ഞതിന്റെ അർത്ഥം, സേവനത്തിലൂടെയും സ്വയം പരിത്യാഗത്തിലൂടെയും മാത്രമാണ് സ്വർഗ്ഗരാജ്യത്തിലെ മഹത്വത്തിൽ എത്തിച്ചേരാൻ സാധിക്കൂ എന്ന സത്യം തിരിച്ചറിയാൻ കഴിയാതെ പോയതുകൊണ്ടാണ് അവർ ഇത്തരത്തിലുള്ള ഒരു അഭ്യർത്ഥനയുമായി ഈശോയുടെ പക്കലെത്തുന്നത്. സെബദീപുത്രന്മാർ തങ്ങളുടെ ആവശ്യവുമായി ഈശോയുടെ പക്കലെത്തിയ സമയം നമ്മെ അത്ഭുതപ്പെടുത്തുന്നതാണ്.

യേശു, താൻ കടന്നുപോകേണ്ടിയിരുന്ന അതിദാരുണമായ സഹനത്തെയും മരണത്തെയും ഉത്ഥാനത്തെയും കുറിച്ച് പറഞ്ഞ ഉടനെയാണ് അവർ തങ്ങളുടെ കസേരമോഹം പ്രകടിപ്പിക്കുന്നത്. അധികാരത്തോടും കസേരയോടുമുള്ള മോഹം എന്നും എപ്പോഴും മനുഷ്യന്റെ ഉള്ളിലുള്ള ഒരു യാഥാർത്ഥ്യമാണ്.

ലൂസിഫർ എന്ന ചലച്ചിത്രം ചിലപ്പോൾ നമ്മിൽ മിക്ക ആൾക്കാരും കണ്ടിട്ടുണ്ടാകും. അതിലെ ഒരു സംഭാഷണം ഇപ്രകാരമാണ്: "പി. കെ. രാംദാസ് എന്ന വന്മരം വീണു. ഇനി ആര്?"

ഒരു അധികാരി മരിച്ചാൽ ആദ്യം നമ്മൾ ചിന്തിക്കുന്നതുപോലും ഇനി ആ കസേരയിൽ ആര് ഇരിക്കും എന്നതാണ്. ക്രിസ്തുവിനെ പിഞ്ചെല്ലുന്ന ശിഷ്യർക്ക് ഇത്തരം അധികാരമോഹം പാടില്ലായെന്നും, യോഗ്യതയാണ് അല്ലാതെ സ്വാധീനമല്ല സ്വർഗ്ഗത്തിൽ ഇടം നേടിത്തരുന്നത് എന്നും യേശു പഠിപ്പിക്കുന്നു.

വി. മർക്കോസിന്റെ സുവിശേഷത്തിൽ നിന്നും അൽപം വ്യത്യാസം വരുത്തിയാണ് വി. മത്തായി സുവിശേഷകൻ ഈ സംഭവം സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മർക്കോസിന്റെ സുവിശേഷത്തിൽ സെബദീപുത്രന്മാർ തനിച്ച് ഈശോയുടെ പക്കൽ വന്ന് തങ്ങളുടെ ആവശ്യം അഭ്യർത്ഥിക്കുമ്പോൾ മത്തായി സുവിശേഷകൻ അവരുടെ അമ്മയെയും അവരുടെ കൂടെ കൂട്ടുന്നു. എന്നിട്ട് അമ്മയാണ് ആവശ്യം ഈശോയോട് അഭ്യർത്ഥിക്കുന്നത്. ആദിമസഭയിൽ യാക്കോബും യോഹന്നാനും അറിയപ്പെട്ടിരുന്ന രണ്ട് ശിഷ്യന്മാരായിരുന്നു. അതുകൊണ്ടു തന്നെ അവരുടെ പേരിന് ഹാനി വരാതിരിക്കാൻ കൂടിയാണ് മത്തായി സുവിശേഷകൻ ഈ സംഭവത്തിൽ അവരുടെ അമ്മയെയും കൂട്ടുന്നത്.

ഇവിടെ ഈശോ അവരോട് ഒരു ചോദ്യം ചോദിക്കുന്നുണ്ട്. ‘‘ഞാൻ കുടിക്കാൻ പോകുന്ന പാനപാത്രം കുടിക്കാൻ നിങ്ങൾക്കു കഴിയുമോ?’’ എന്താണ് ഈശോ പറഞ്ഞ ഈ പാനപാത്രം? ഇത് മനസ്സിലാക്കണമെങ്കിൽ നാം പഴയനിയമ പശ്ചാത്തലത്തിലേയ്ക്ക് ഒന്ന് കടന്നുചെല്ലണം. പഴയനിയമത്തിൽ കാസ/ പാനപാത്രം എന്നത്, തിന്മ ചെയ്തവർക്ക് എതിരെയുള്ള ദൈവത്തിന്റെ കോപത്തെയും അവിടുന്ന് നടത്തുന്ന വിധിയെയുമാണ് സൂചിപ്പിക്കുക. അതുകൊണ്ടു തന്നെ നാം മനസ്സിലാക്കേണ്ടത് പാപികൾക്കെതിരെയുള്ള ദൈവത്തിന്റെ കോപത്തെയും വിധിയുടെയും പാനപാത്രം എല്ലാ പാപികൾക്കുമായി ഈശോ കുടിക്കാൻ പോവുകയാണ് എന്നതാണ്. അങ്ങ് കുടിക്കാൻ പോകുന്ന പാനപാത്രം ഞങ്ങൾ കുടിക്കാൻ തയ്യാറാണ് എന്ന് ശിഷ്യന്മാർ മറുപടി പറയുമ്പോൾ അതിന്റെ യഥാർത്ഥ അർത്ഥം മനസ്സിലാക്കുന്നില്ലായെങ്കിലും ഈശോ അത് അംഗീകരിക്കുന്നുണ്ട്. ഇത് ഈശോ, അവർ കടന്നുപോകാനിരിക്കുന്ന സഹനങ്ങളെയും മരണത്തെയും കുറിച്ച് പ്രവചിക്കുകയായിരുന്നു. യാക്കോബ് ശ്ലീഹായുടെ രക്തസാക്ഷിത്വവും യോഹന്നാൻ ശ്ലീഹാ കടന്നുപോയ സഹനങ്ങളും നാടുകടത്തലും ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടുവേണം മനസ്സിലാക്കാൻ.

രണ്ടാം വായനയിൽ നാം കേട്ടതുപോലെ, ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്ക് അനുയോജ്യമല്ലാത്ത പലതും പരിത്യജിക്കുന്നവർക്കേ അത് സ്വന്തമാക്കാൻ സാധിക്കൂ. മത്തായിയുടെ സുവിശേഷം 16:24-ൽ പറയുന്നതുപോലെ എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവർ സ്വയം പരിത്യജിച്ച് സ്വന്തം കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ എന്ന തിരുവചനഭാഗം ഇതുമായി ഒരുമിച്ചു പോകുന്നതാണ്.

ഈശോ ഈ ലോകത്തിലേയ്ക്കു വന്നതു തന്നെ ദാസന്റെ രൂപം സ്വീകരിച്ചുകൊണ്ടാണ്. അവൻ ശുശ്രൂഷകനായി, മോചനദ്രവ്യമായി സ്വജീവൻ തന്നെ മറ്റുള്ളവർക്കുവേണ്ടി സമർപ്പിച്ചു. ശിഷ്യന്മാർക്കുപോലും ഇത് മനസ്സിലായത് ഈശോയുടെ ഉത്ഥാനത്തിനു ശേഷമാണ്. പക്ഷേ, ഇത് മനസ്സിലാക്കിക്കഴിഞ്ഞ് ശിഷ്യരുടെ ജീവിതത്തിൽ വന്ന മാറ്റം വളരെ വലുതാണ്. ഈശോ ശുശ്രൂഷകനും മോചനദ്രവ്യവുമായതുപോലെ ഈശോയോടുള്ള സ്നേഹം നിമിത്തം അനേകർക്ക് ശുശ്രൂഷകരാകാനും ജീവിതം ഹോമിക്കാൻ പോലും അവർക്കു സാധിച്ചു. അധികാരത്തിനും വലിയവനും അന്നേവരെ ഉണ്ടായിരുന്ന അർത്ഥതലങ്ങൾ പൊളിച്ചുകൊണ്ട് പുതിയ ഒരു മാനം ഈശോ നൽകി; ശുശ്രൂഷയുടെയും സേവനത്തിന്റേതുമായ മാനം.

ദൈവരാജ്യത്തിന്റെ മഹത്വവും വലിപ്പവും തിരിച്ചറിയാൻ കഴിയാത്തതാണ് നമ്മുടെ പരാജയം. ദൈവരാജ്യമാകുന്ന ലക്ഷ്യത്തിലേയ്ക്ക് കണ്ണുംനട്ട് വിശ്വസ്തതയോടെ യാത്ര ചെയ്യുന്നവർക്കേ അത് സ്വന്തമാക്കാൻ സാധിക്കൂ. ഈ തീക്ഷ്ണത ക്രിസ്തുശിഷ്യരായ നമ്മുടെയുള്ളിലുണ്ടെങ്കിൽ ലോകത്തിലുള്ള ഒന്നിനും അധികാരമാകട്ടെ, സമ്പത്താകട്ടെ, പ്രശ്നങ്ങളാകട്ടെ നമ്മെ കീഴടക്കാൻ സാധിക്കില്ല. വി. പൗലോസ് ശ്ലീഹായെപ്പോലെ പിന്നിലുള്ളവ വിസ്മരിച്ച് മുന്നിലുള്ളവ ലക്ഷ്യമാക്കി നമുക്ക് യാത്ര ചെയ്യാം. ഈ വിശുദ്ധ ബലിയിൽ നമുക്ക് പ്രാർത്ഥിക്കാം, നല്ല തമ്പുരാനേ, യഥാർത്ഥ ക്രിസ്തുശിഷ്യനായിത്തീർന്ന് സ്വർഗ്ഗത്തെ ലക്ഷ്യമാക്കി ജീവിക്കുവാൻ വേണ്ട കൃപ അങ്ങ് നൽകി അനുഗ്രഹിക്കണമേ. നല്ലവനായ ദൈവം നമ്മളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ആമ്മേൻ.